പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2009 15.07.2016-ൽ മറുപടിക്ക്.

## വസ്ത്രവ്യാപാര മേഖലയിലെ ജോലിക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി.അൻവർ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് വസ്ത്രവ്യാപാരം പോലുള്ള മേഖലയിൽ 12 മണിക്കൂറിലധികമാണ് വനിതകളടക്കമുള്ളവർ തൊഴിലെടുക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊഴിൽ നിയമങ്ങൾ കർശനമാക്കുന്നതിലൂടെ ക്ഷേമനിധി അടക്കമുള്ള ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ വസ്ത്ര വ്യാപാരശാലകളിൽ നടത്തുന്ന പരിശോധനാ വേളയിൽ ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും സുരക്ഷയും ഉറപ്പ് വരുത്തി ജീവനക്കാർക്ക് ലഭ്യമാകേണ്ട കുറഞ്ഞകൂലി, അർഹമായ ജോലി സമയം, അധിക സമയ ജോലിക്കുള്ള ഓവർടൈം വേതനം, ജോലിക്കിടയിലെ വിശ്രമ സമയങ്ങളിൽ ഇരിക്കാനുള്ള സൗകര്യം, ആഴ്ച അവധി, ശമ്പളത്തോടു കൂടിയ ദേശീയ ഉത്സവ അവധി ദിനങ്ങൾ, സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും ക്രഷ്, ടോയ്‌ലെറ്റ്, ഹോസ്റ്റൽ സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമന ഉത്തരവ് എന്നിവയും തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാറുണ്ട്. കൂടാതെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2-മാരുടെയും ജില്ലാ ലേബർ ഓഫീസർ (ഇ)-മാരുടെയും നേതൃത്വത്തിൽ നടത്തുന്ന പരിശോധനാ |

വേളയിൽ ടി സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ചേർത്തിട്ടുണ്ടോയെന്നും, ഇല്ലായെങ്കിൽ അംഗത്വം എടുപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. കൂടുതൽ പേരെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിയിൽ ചേർക്കാനുള്ള നടപടി സ്വീകരിക്കുന്നതിനു വേണ്ട നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകിവരുന്നു.

സെക്ഷൻ ഓഫീസർ